പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-2016)

## മുപ്പതാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2004-2006)-യുടെ ഇടുക്കി ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളും പട്ടികജാതി പട്ടികവർഗ്ഗ കോളനികളും സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ആറാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

**മുപ്പതാമത് റിപ്പോർട്ട്**

(2015 ഡിസംബർ മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2004-2006)-യുടെ ഇടുക്കി ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളും പട്ടികജാതി പട്ടികവർഗ്ഗ കോളനികളും സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ആറാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

9/2016.

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | *പേജ്* |
| സമിതിയുടെ ഘടന | | .. | v |
| ആമുഖം | | .. | vii |
| അദ്ധ്യായം I | : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II | : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 2 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വി. പി. സജീന്ദ്രൻ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അജിത്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ശശി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ശ്രീ. കെ. വി. വിജയദാസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

# ആമുഖം

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മുപ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ഡിസംബർ മാസം 14-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 14.

# റിപ്പോർട്ട്

## അദ്ധ്യായം I

ഇടുക്കി ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളും പട്ടികജാതി പട്ടികവർഗ്ഗ കോളനികളും സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2004-06)-യുടെ ആറാമത് റിപ്പോർട്ട് 2004 ജൂലൈ 20-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

2. ഇടുക്കി ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തുന്നതിനും ജില്ലയിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സമിതി നടത്തിയ സന്ദർശനങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ശിപാർശകളും/നിർദ്ദേശങ്ങളുമാണ് പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരുന്നത്.

3. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തരനടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പുകൾ സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് അയച്ചുകൊടുത്ത് നടപടി സ്റ്റേറ്റ്മെന്റുകൾ ആവശ്യപ്പെടുകയുണ്ടായി. ആയതിൻപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസനം, ആരോഗ്യ കുടുംബക്ഷേമം, തദ്ദേശസ്വയംഭരണം, വനം-വന്യജീവി, റവന്യൂ, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയ റിപ്പോർട്ടുകൾ 3-9-2005, 13-6-2007, 13-5-2009, 5-12-2012, 25-2-2015, 12-8-2015, 19-8-2015, 12-11-2015 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. സമിതി (2004-06)-യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകൾ, അവയ്ക്ക് ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

9/2016.

<u>അദ്ധ്യായം II</u>

## സമിതി (2004-2006)-യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകൾ, വിവിധ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം

### (എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകൾ

<u>ശിപാർശ നമ്പർ 1</u>

പീരുമേട് എം.ആർ.എസിനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനത്തിന് പണം മുടക്കുകയും എന്നാൽ പണി പൂർത്തിയാകാതിരിക്കുകയും ചെയ്ത സാഹചര്യത്തെക്കുറിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(13-5-2008-ലെ 20028/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പീരുമേട് എം.ആർ.എസിന്റെ കെട്ടിടനിർമ്മാണത്തിനുള്ള തുക റവന്യൂ ഹെഡ്ഡിലാണ് വകയിരുത്തിയിരുന്നത്. ഈ തുക റീഅപ്രോപ്രിയേറ്റ് ചെയ്ത് ക്യാപിറ്റൽ ഹെഡ്ഡിലേക്ക് മാറ്റിക്കൊണ്ട് ഉത്തരവാകുന്നതിന് കാലതാമസമുണ്ടായതാണ് പണി വൈകാനിടയായത്.

(13-5-2009-ലെ സമിതിയോഗം പരിഗണിച്ചു.)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനോട് ആരാഞ്ഞു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ച അധികവിവര റിപ്പോർട്ട്</u>

(8-9-2010-ലെ 20293/ബി2/2009/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പീരുമേട് എം.ആർ.എസിന്റെ കെട്ടിടനിർമ്മാണത്തിനുള്ള റവന്യൂ ഹെഡ്ഡിൽ വകയിരുത്തിയിരുന്ന തുക റീഅപ്രോപ്രിയേറ്റ് ചെയ്ത് ക്യാപിറ്റൽ ഹെഡ്ഡിലേക്ക് മാറി വകയിരുത്തിയ നടപടിയുടെ കാലതാമസമാണ് പണി വൈകാനിടയാക്കിയത്. ഇത് പിന്നീട് പരിഹരിക്കുകയുണ്ടായി. പ്രസ്തുത എം.ആർ.എസിന്റെ കെട്ടിടനിർമ്മാണം പൂർത്തിയായിവരുന്നു.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 2</u>

പീരുമേട് തമിഴ് മീഡിയം എം.ആർ.എസിന് സ്വന്തമായി സ്ഥിരം കെട്ടിടം നിർമ്മിക്കാനാവശ്യമായ സ്ഥലം കണ്ടെത്തി പണി ആരംഭിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(13-5-2008-ലെ 20028/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പീരുമേട് എം.ആർ.എസിന് കുട്ടിക്കാനത്ത് ലഭിച്ച സ്ഥലത്ത് ഉടനെ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(13-5-2009-ലെ സമിതിയോഗം പരിഗണിച്ചു.)

സമിതി ആരാഞ്ഞ അധികവിവരം

പീരുമേട് തമിഴ് മീഡിയം എം.ആർ.എസിന് സ്വന്തമായി സ്ഥിരം കെട്ടിടം നിർമ്മിക്കാനാവശ്യമായ സ്ഥലം കണ്ടെത്തി പണി തുടങ്ങുന്നതിനുള്ള നടപടികൾ ഏതുഘട്ടം വരെ എത്തി.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(8-9-2010-ലെ 20293/ബി2/2009/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പീരുമേട് എം.ആർ.എസിന് സ്ഥലം കണ്ടെത്തി കെട്ടിടം പണി പൂർത്തിയാക്കിയിട്ടുണ്ട്. കെട്ടിടം ഉദ്ഘാടനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 3

ടി സ്കൂളിലെ കുട്ടികൾക്ക് കുടിക്കാൻ ചൂടുവെള്ളം കൊടുക്കണമെന്നും സ്കൂളിൽ ഡോക്ടർ പരിശോധനയ്ക്ക് വരുന്നത് മൂന്ന് മാസത്തിലൊരിക്കൽ എന്നത് പതിനഞ്ച് ദിവസത്തിലൊരിക്കലാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(13-5-2008-ലെ 20028/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കുട്ടികളുടെ കുടിവെള്ളം, ഭക്ഷണം, ചികിത്സ തുടങ്ങിയവയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ നൽകണമെന്ന് ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് പട്ടികജാതി വികസന ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(13-5-2009-ലെ സമിതിയോഗം പരിഗണിച്ചു.)

സമിതി ആരാഞ്ഞ അധികവിവരം

റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭ്യമാക്കിയ അധികവിവര റിപ്പോർട്ട്

(8-9-2010-ലെ 20293/ബി2/2009/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കുട്ടികളുടെ കുടിവെള്ളം, ഭക്ഷണം, ചികിത്സ തുടങ്ങിയവയുടെ കാര്യത്തിലുള്ള നിർദ്ദേശങ്ങളിന്മേൽ ആവശ്യമായ നടപടികൾ ജില്ലാ ഓഫീസർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 4

പീരുമേട് എം.ആർ.എസിന്റെ അറ്റകുറ്റപ്പണി അടിയന്തരമായി നടത്താൻ സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(13-5-2008-ലെ 20028/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

സ്കൂളിന്റെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുവാൻ പട്ടികജാതി വികസന ഡയറക്ടർ ജില്ലാ ഓഫീസറോടാവശ്യപ്പെട്ടിട്ടുണ്ട്.

(13-5-2009-ലെ സമിതിയോഗം പരിഗണിച്ചു.)

സമിതി ആരാഞ്ഞ അധികവിവരം

റിപ്പോർട്ടിൻ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ച അധികവിവര റിപ്പോർട്ട്

(8-9-2010-ലെ 20293/ബി2/2009/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പീരുമേട് എം.ആർ.എസിന്റെ പഴയകെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 5

നിലവിലുള്ള കെട്ടിടസൗകര്യം വർദ്ധിപ്പിക്കാനായി ആറ് ലക്ഷം രൂപ മുടക്കി ചെയ്തിരിക്കുന്നതിൽ നിർമ്മിതി കേന്ദ്രം നടത്തിയ എർത്ത് വർക്ക് പണിയിലെ അഴിമതി സമിതി മനസ്സിലാക്കുകയും ഇനിയുള്ള വർക്കുകൾ നിർമ്മിതിക്ക് കൊടുക്കുന്നത് ഉചിതമല്ലെന്നും സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(13-5-2008-ലെ 20028/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ഇക്കാര്യം അന്വേഷിക്കുന്നതും സമിതി നിർദ്ദേശം പരിഗണിക്കുന്നതുമാണ്.

(13-5-2009-ലെ സമിതിയോഗം പരിഗണിച്ചു.)

സമിതി ആരാഞ്ഞ അധികവിവരം

എർത്ത് വർക്ക് പണിയിലെ അഴിമതി മനസ്സിലാക്കി തുടർനടപടി സ്വീകരിച്ചുവോ;

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭ്യമാക്കിയ അധികവിവര റിപ്പോർട്ട്

(8-9-2010-ലെ 20293/ബി2/2009/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

നിലവിൽ നിർമ്മിതി കേന്ദ്രത്തിന് പണികൾ ഒന്നും തന്നെ നൽകുന്നില്ല.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 6

ദണ്ഡുകൊമ്പ് ആൺകുട്ടികളുടെ പ്രീ മെട്രിക് ഹോസ്റ്റലിൽ ഭക്ഷണം പാകം ചെയ്യാൻ ഗ്യാസ് അടുപ്പ് സ്ഥാപിക്കണമെന്നും പ്ലമ്പിംഗ് പണി അടിയന്തരമായി നടത്തി കുടിവെള്ള വിതരണം നടത്തണമെന്നും നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(13-5-2008-ലെ 20028/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ദണ്ഡുകൊമ്പ് പ്രീ മെട്രിക് ഹോസ്റ്റലിലെ പ്ലമ്പിംഗ് പണികൾ പ്രാദേശികമായി നിർവ്വഹിച്ച് ജലവിതരണ സംവിധാനം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ ടി ഹോസ്റ്റലിൽ ഗ്യാസ് കണക്ഷൻ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(13-5-2009-ലെ സമിതിയോഗം പരിഗണിച്ചു.)

സമിതി ആരാഞ്ഞ അധികവിവരം

റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അധികവിവര മറുപടി

(8-9-2010-ലെ 20293/ബി2/2009/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ദണ്ഡുകൊമ്പ് പ്രീ മെട്രിക് ഹോസ്റ്റലിലെ പ്ലമ്പിംഗ് പണികൾ പ്രാദേശികമായി നിർവ്വഹിച്ച് ജലവിതരണ സംവിധാനം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. കുക്കിംഗ് ഗ്യാസിന്റെ ചെലവ് വഹിക്കേണ്ടത് മെസ് അലവൻസിൽ നിന്നായതിനാൽ കമേഴ്സ്യൽ

നിരക്കിൽ ഗ്യാസ് വാങ്ങുന്നത് സാമ്പത്തിക ബാദ്ധ്യത വരുത്തുമെന്നതിനാൽ മറ്റു ഹോസ്റ്റലുകളിലെപ്പോലെ ഗാർഹിക നിരക്കിലുള്ള കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 7</u>

മറയൂർ പ്രീ മെട്രിക് ഗേൾസ് ഹോസ്റ്റലിന്റെ പരിസരം വൃത്തിയാക്കാനും ഭക്ഷണം പാകം ചെയ്യാൻ ഗ്യാസ് അടുപ്പ് ഉപയോഗിക്കാനും സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(13-5-2008-ലെ 20028/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

മറയൂർ പ്രീ മെട്രിക് ഹോസ്റ്റൽ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ഗ്യാസ് കണക്ഷൻ ഏർപ്പെടുത്തുന്നതിന് ഗ്യാസ് ചേമ്പർ പ്രത്യേകമായി നിർമ്മിച്ചുനൽകുവാൻ കെട്ടിടഉടമയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി ഗ്യാസ് ചേമ്പറിന്റെ നിർമ്മാണം പൂർത്തിയാക്കി ഗ്യാസ് കണക്ഷൻ നൽകാനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതാണ്.

(13-5-2009-ലെ സമിതിയോഗം പരിഗണിച്ചു.)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

റിപ്പോർട്ടിൻ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(8-9-2010-ലെ 20293/ബി2/2009/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

മറയൂർ പ്രീ മെട്രിക് ഹോസ്റ്റൽ നിലവിൽ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. ഈ സാഹചര്യത്തിൽ പോർട്ടബിൾ ഗ്യാസ് ഏർപ്പെടുത്തുന്നതിന് ഇടുക്കി ഐ.റ്റി.ഡി.പി. ഓഫീസർ മുഖേന നടപടി സ്വീകരിച്ചുവരുന്നു.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 8</u>

ഹിൽപുലയ, മുതുവാൻ വിഭാഗത്തിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ താഴെത്തലം മുതൽ സ്വകാര്യ ട്യൂഷൻ ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(31-12-2009-ലെ 20017/എ 3/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

താഴെത്തലം മുതൽ സ്വകാര്യ ട്യൂഷൻ ഏർപ്പെടുത്തുന്ന കാര്യം പ്രായോഗികമല്ല എന്നാൽ ഹോസ്റ്റലുകളിൽ താമസിച്ചുപഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് പാർട്ട്-ടൈം ട്യൂട്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 9</u>

ത്രിതല പഞ്ചായത്തുകൾ ഹൗസിംഗ് സ്കീമുകൾ നടപ്പാക്കുമ്പോൾ പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് ഒന്നിൽ കൂടുതൽ വീടുകൾ ലഭ്യമാകുന്ന സാഹചര്യം ഉണ്ടാകാതിരിക്കാനും അർഹതയുള്ളവർക്ക് നൽകാനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(7-4-2010-ലെ 20064/ഇ 1/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

സംസ്ഥാനത്ത് നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും മറ്റ് ഏജൻസികളും പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇപ്പോൾ ഊരുകൂട്ടത്തിൽ വച്ച് മുൻഗണനാക്രമത്തിൽ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്ന് ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനാൽ ഒന്നിൽ കൂടുതൽ വീടുകൾ ലഭിക്കുന്ന സാഹചര്യം ഉണ്ടാകുന്നില്ല. കൂടാതെ ത്രിതല പഞ്ചായത്തുകൾ പട്ടികവർഗ്ഗക്കാർക്ക് വീടനുവദിക്കുമ്പോൾ ഈ വകുപ്പിൽ നിന്നും വീടനുവദിച്ചിട്ടില്ല എന്ന് സാക്ഷ്യപത്രം കൂടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരിൽ നിന്നും വാങ്ങുന്നുണ്ട്. അർഹരായവർക്ക് മുൻഗണനാക്രമത്തിൽ വീടുനിർമ്മിക്കുന്നതിന് ധനസഹായം ലഭ്യമാകുന്നതിന് വകുപ്പ് പ്രത്യേകം ശ്രദ്ധ ചെലുത്തി വരുന്നതായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 10</u>

ദണ്ഡുകൊമ്പ് ട്രൈബൽ കോളനിയിൽ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന വീടുകൾ അടിയന്തരമായി മെയിന്റനൻസ് നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(7-4-2010-ലെ 20064/ഇ 1/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുള്ള പദ്ധതിയാണ് വീടുകളുടെ അറ്റകുറ്റപ്പണി. ദണ്ഡുകൊമ്പ് കോളനിയിൽ പൊട്ടിപ്പൊളിഞ്ഞുകിടക്കുന്ന വീടുകളിൽ ഏതാനും എണ്ണം ഗ്രാമപഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും 10,000 രൂപ വീതം നൽകി അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ അറ്റകുറ്റപ്പണികൾ ഗ്രാമപഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർവഴി നടപടി സ്വീകരിച്ചു വരുന്നതായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്താണ് നടപടി സ്വീകരിക്കേണ്ടത്.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 11</u>

കുണ്ടള കോളനിയിലേക്കുള്ള റോഡ് അറ്റകുറ്റപ്പണി നടത്തണമെന്നും 200 പേർക്ക് ഇരിക്കത്തക്ക ഒരു കമ്മ്യൂണിറ്റി ഹാൾ കോളനിയിൽ നിർമ്മിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(7-4-2010-ലെ 20064/ഇ 1/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പുനരധിവാസ കോളനി ആയ കുണ്ടള കോളനിയിൽ റ്റി.ആർ.ഡി.എം. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ള റോഡിന്റെ മൺപണി പൂർത്തീകരിച്ചിട്ടുണ്ട്. ടി റോഡിന് മെറ്റലിംഗ്, ടാറിംഗ് എന്നിവ നടത്തേണ്ടതുണ്ട്. ഇതിനായി റോഡ് ടാറിംഗ് 12 ലക്ഷം രൂപയും ലിങ്ക് റോഡ് നമ്പർ 1-നും നമ്പർ 2-നും 10 ലക്ഷം രൂപ വീതവുമുള്ള എസ്റ്റിമേറ്റ് റ്റി.ആർ.ഡി.എമ്മിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് അനുമതി ലഭിക്കുന്നമുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. ടി കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ പണിയുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 12</u>

കുണ്ടള കോളനിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ഒരു ചെക്ക് ഡാം പണിയാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(7-4-2010-ലെ 20064/ഇ 1/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കുണ്ടള കോളനിയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് 16,70,000 രൂപയുടെ എസ്റ്റിമേറ്റ് റ്റി.ആർ.ഡി.എമ്മിന് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് ഈ പദ്ധതി റ്റി.ആർ.ഡി.എം. നടപ്പാക്കുന്നതാണെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 13</u>

കുണ്ടള എസ്.സി. കോളനിയിലേക്കും എസ്.റ്റി. കോളനിയിലേക്കും വരുന്ന റോഡുകൾ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കണമെന്നും ബാക്കി തുക വേണമെന്നുണ്ടെങ്കിൽ ആയത് എസ്.റ്റി. ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്നും പ്രസ്തുത റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(7-4-2010-ലെ 20064/ഇ 1/04/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പട്ടികവർഗ്ഗ കോളനിയിലേക്കുള്ള റോഡുകൾ പഞ്ചായത്ത് ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്മേൽ നടപടി സ്വീകരിക്കേണ്ടതും ഗ്രാമപഞ്ചായത്താണെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 14</u>

കുണ്ടള കോളനി നിവാസികളുടെ ചികിത്സാസൗകര്യാർത്ഥം ഒരു ഒ.പി. ക്ലിനിക് കോളനിയിൽ പ്രവർത്തിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി</u>

(23-3-2010-ലെ 50408/എം2/2009/ആകുവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ഇടുക്കി ജില്ലയിലെ കുണ്ടള സബ്സെന്ററിൽവച്ച് ആഴ്ചയിൽ ഒരു ദിവസം ഒ.പി. ക്ലിനിക് പ്രവർത്തനം നടത്തുന്നതിന് ദേവികുളം പ്രാഥമികാരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ-ഇൻ-ചാർജിന് ഇടുക്കി മെഡിക്കൽ ഓഫീസർ നിർദ്ദേശം നൽകിയിട്ടുള്ളതായി ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദേവികുളം

പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടർ, ഫാർമസിസ്റ്റ്, അറ്റൻഡർ മുതലായ ജീവനക്കാരുടെ സേവനം ഇതിലേക്കായി ഉപയോഗപ്പെടുത്താനാവശ്യമായ നിർദ്ദേശവും മെഡിക്കൽ ഓഫീസർ-ഇൻ-ചാർജിന് നൽകിയിട്ടുണ്ട്.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 15

കുണ്ടള കോളനിയിലേക്ക് ആനകയറി ശല്യമുണ്ടാകാതിരിക്കാൻ കോളനിക്ക് ചുറ്റും ട്രഞ്ച് നിർമ്മിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(7-4-2010-ലെ 20064/ഇ 1/04/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കുണ്ടള കോളനി പ്രദേശം ചരിവുള്ള പ്രദേശമായതിനാൽ ട്രഞ്ച് നിർമ്മിച്ചാൽ മണ്ണ് ഒലിച്ച് ട്രഞ്ചുകൾ വേഗം നികന്നുപോകാനും മണ്ണ് ഡാമിലേക്ക് ഒലിച്ചുപോകാനും സാദ്ധ്യതയുള്ളതിനാൽ ടി കോളനിക്കാർക്ക് ട്രഞ്ച് നിർമ്മിക്കുന്നതിനോട് പൂർണ്ണമായും എതിർപ്പാണ്.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 16

കോളനി നിവാസികളിൽ അർഹരായവർക്ക് വിധവാ പെൻഷൻ, അഗതി പെൻഷൻ എന്നിവ അടിയന്തരമായി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(7-4-2010-ലെ 20064/ഇ 1/04/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കോളനി നിവാസികളിൽ അർഹരായവർക്ക് പഞ്ചായത്തിൽനിന്ന് ആനുകൂല്യം നൽകിവരുന്നുണ്ട്. അഗതികൾക്കായി 2008-09 വർഷം 66,000 രൂപയുടെ ഭക്ഷ്യസാധനങ്ങൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 17

കോളനി നിവാസികൾക്ക് അനുവദിച്ചുകൊടുത്ത സ്ഥലത്ത് മുരുകയ്യ എന്ന വ്യക്തി അതിക്രമിച്ച് കയറിയതിനെതിരെ നടപടി സ്വീകരിക്കാനും പൊന്നൻ എന്ന വ്യക്തിക്ക് അനുവദിച്ച സ്ഥലം അദ്ദേഹം കയ്യേൽക്കാതെയിരിക്കുന്നതായ പരാതി സംബന്ധിച്ച് അന്വേഷണം നടത്താനും സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(7-4-2010-ലെ 20064/ഇ 1/04/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കോളനിസ്ഥലത്ത് അതിക്രമിച്ച കയറി എന്ന് പറയപ്പെടുന്ന മുരുകയ്യ എന്ന വ്യക്തി ഇപ്പോൾ ടി സ്ഥലത്ത് താമസമില്ലായെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 18

കുണ്ടള സാന്റോസ് കോളനിയിൽ കൈവശാവകാശ സർട്ടിഫിക്കറ്റ് ഇല്ലാത്തതുമൂലം ഭൂരഹിതരായ 22 കോളനി നിവാസികൾക്കുകൂടി അടിയന്തരമായി വീട് നിർമ്മിച്ച് കൊടുക്കാൻ സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-10-2010-ലെ 20064/ഇ 1/04/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കുണ്ടള സാന്റോസ് കോളനിയിലെ കൈവശരേഖ ഇല്ലാത്ത 22 പേരും ദേവികുളം പഞ്ചായത്തിന്റെ ഇ.എം.എസ്. ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 17 പേർക്ക് ദേവികുളം ബ്ലോക്കിന്റെ ഐ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയും 4 പേർക്ക് ദേവികുളം ഗ്രാമപഞ്ചായത്തിന്റെ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയും ഭവനനിർമ്മാണ ധനസഹായം നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെടുകയും അതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഒരാൾക്ക് കൈവശരേഖ കിട്ടുന്നമുറയ്ക്ക് ദേവികുളം ഗ്രാമപഞ്ചായത്തിൽനിന്ന് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതാണ്.

(5-12-2012-ലെ സമിതിയോഗം പരിഗണിച്ചു.)

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടിയിന്മേൽ സമിതി ആരാഞ്ഞ അധികവിവരം

കുണ്ടള സാന്റോസ് കോളനിയിൽ ഭൂരഹിതരായവർക്ക് വീടുവച്ച് നൽകിയോ? ഒരാളെ മാത്രം ടി ഭവന പദ്ധതിയിൽ നിന്നും ഒഴിവാക്കാനുള്ള കാരണമെന്താണ്?

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 3737/ഇ 1/13/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ഇടുക്കി ജില്ലയിലെ കുണ്ടള സാന്റോസ് കോളനിയിലെ 72 ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിരുന്നു. ശ്രീ. സ്റ്റീഫൻ എന്ന ഗുണഭോക്താവ് ആദ്യം നറുക്കിട്ടെടുത്ത ഭൂമിയല്ല തനിക്ക് ലഭിച്ചത് എന്ന് തർക്കം ഉന്നയിച്ച് രേഖ കൈപ്പറ്റിയിട്ടില്ല. ഇതുകാരണം ഒരാൾ ഭവനനിർമ്മാണ പദ്ധതിയിൽനിന്ന് ഒഴിവായി. ബാക്കി 71 പേർക്ക് അനുവദിച്ച

ഭവനനിർമ്മാണ പദ്ധതിയുടെ നടത്തിപ്പ് കോസ്റ്റ് ഫോർഡിനെയാണ് ഏൽപ്പിച്ചിരുന്നത്. ടി ഏജൻസി 35 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 36 വീടുകളിൽ 24 എണ്ണം ടി.ആർ.ഡി.എം.-ന്റെ നേതൃത്വത്തിൽ തന്നെ ഗുണഭോക്താക്കൾ നേരിട്ട് നിർമ്മിച്ചുവരികയാണ്. ഇതിൽ 15 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 19

കണ്ടള സാന്റോസ് എസ്.സി. കോളനിയിൽ വൈദ്യുതി ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-10-2010-ലെ 20064/ഇ 1/04/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

സാന്റോസ് കോളനിയിൽ വൈദ്യുതി എത്തിക്കുന്നതിന് ജില്ലാ പഞ്ചായത്ത് പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്.

(5-12-2012-ലെ സമിതിയോഗം പരിഗണിച്ചു.)

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ റിപ്പോർട്ടിന്മേൽ സമിതി ആരാഞ്ഞ അധികവിവരം

സാന്റോസ് കോളനിയിൽ വൈദ്യുതി എത്തിക്കുന്നതിന് ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ എന്ത്?

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 3737/ഇ 1/13/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കണ്ടള സാന്റോസ് കോളനിയിൽ വൈദ്യുതി എത്തിക്കുന്നതിന് ടി.ആർ.ഡി.എം. ഫണ്ടിൽ നിന്നും 9,37,000 രൂപ വൈദ്യുതി ബോർഡിൽ അടച്ചിട്ടുണ്ട്. പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 20

പൂപ്പാറ മന്നാൻ എസ്.റ്റി. കോളനിയിൽ കോസ്റ്റ് ഫോർഡിന്റെ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന വീടുകളിൽ കക്കൂസ് വീടിന് പുറത്തുവയ്ക്കാൻ സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-10-2010-ലെ 20064/ഇ 1/04/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പൂപ്പാറ മന്നാൻ എസ്.റ്റി. കോളനിയിൽ കോസ്റ്റ് ഫോർഡിന്റെ മേൽനോട്ടത്തിൽ വീട്ടുകൾ നിർമ്മിച്ചത് 2002-04 കാലഘട്ടത്തിലാണ്. കക്കൂസുകളെല്ലാം വീടിനോട് ചേർന്നാണ് പണിഞ്ഞിരിക്കുന്നത്. എന്നാൽ വീടിനോട് ചേർന്നുള്ള കക്കൂസുകൾ ഇവിടത്തെ ഗുണഭോക്താക്കൾ ഇഷ്ടപ്പെടുന്നില്ല. ചില ഗുണഭോക്താക്കൾ വീട്ടിൽ നിന്നുമാറി സ്വന്തമായി കക്കൂസുകൾ പണിതിട്ടുണ്ട്. ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് പ്രത്യേകമായി കക്കൂസ് പണിയുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ആദിവാസി പുനരധിവാസ വികസന മിഷൻ ജില്ലാ ആദിവാസി പുനരധിവാസ വികസന മിഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(5-12-2012-ലെ സമിതിയോഗം പരിഗണിച്ചു.)

സമിതി ആരാഞ്ഞ അധികവിവരം

ഗുണഭോക്താക്കൾക്ക് പ്രത്യേക കക്കൂസ് പണിയുന്നതിന് ജില്ലാ ആദിവാസി പുനരധിവാസ മിഷൻ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(28-9-2015-ലെ 3737/ഇ 1/13/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പൂപ്പാറ മന്നാൻ പട്ടികവർഗ്ഗ കോളനിയിൽ കോസ്റ്റ് ഫോർഡ് മുഖാന്തിരം 47 വീട്ടുകൾ നിർമ്മിച്ചിരുന്നു. ടി വീട്ടുകളോട് ചേർന്ന് കക്കൂസ് നിർമ്മിച്ചിരുന്നു. ടി വീട്ടുകളോട് ചേർന്ന് കക്കൂസ് നിർമ്മിച്ചിരിക്കുന്നത് പട്ടികവർഗ്ഗക്കാർ ഉപയോഗിക്കാത്തതിനാൽ 2014-15 സാമ്പത്തിക വർഷം 47 കുടുംബങ്ങൾക്കും വീടിനോട് ചേർന്നല്ലാതെ പ്രത്യേകമായി കക്കൂസും വീടിനോട് ചേർന്നുതന്നെ അടുക്കളയും നിർമ്മിക്കുന്നതിന് ആദിവാസി പുനരധിവാസ മിഷനിൽ നിന്നും 1,11,500 രൂപ വീതം അനുവദിച്ചു. നിർമ്മാണ പുരോഗതിയനുസരിച്ചാണ് ഗഡുക്കളായി തുക നൽകുന്നത്. ഇതേവരെ 27 പേർ നിർമ്മാണം പൂർത്തീകരിച്ചു. ബാക്കിയുള്ളവയുടെ നിർമ്മാണം പൂർത്തിയാകാറായിട്ടുണ്ട്.

(12-11-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 21

ജില്ലയിൽ പട്ടികവർഗ്ഗത്തിൽപ്പെടുന്നവരുടെയിടയിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യാനിരക്ക് കണക്കിലെടുത്ത് ആയത് സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പ് നടത്താൻ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് ജില്ലാ പഞ്ചായത്ത് സന്നദ്ധമാണെന്ന നിർദ്ദേശം നടപ്പിലാക്കാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി</u>

(18-8-2015-ലെ 11708/ഡി.ബി2/15/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ഇടുക്കി ജില്ലയിൽ പട്ടികവർഗ്ഗത്തിൽപ്പെടുന്നവരുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യാനിരക്ക് കണക്കിലെടുത്ത് ആയത് സംബന്ധിച്ച ബോധവൽക്കരണ ക്യാമ്പ് നടത്താൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് 2015-16 വർഷം 10 ലക്ഷം രൂപ വകയിരുത്തിക്കൊണ്ട് 1194/16 നമ്പരായി ഒരു പ്രോജക്റ്റ് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്നതിനെ തുടർന്ന് ടി തുക വകുപ്പിന് കൈമാറുന്നതും പ്രോജക്റ്റ് നടപ്പാക്കുന്നതുമാണ്.

(19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളും അവയ്ക്ക് ലഭ്യമായ മറുപടികളും

<u>ശിപാർശ നമ്പർ 1</u>

പട്ടികവിഭാഗത്തിലെ ഭൂരഹിതരായവർക്ക് റവന്യൂ വകുപ്പ് അനുവദിച്ച ഭൂമിയിൽ വനം വകുപ്പ് നട്ടുപിടിപ്പിച്ചിരിക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ഭൂമി ലഭിച്ചവർക്ക് അനുവാദം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>വനം-വന്യജീവി വകുപ്പിന്റെ മറുപടി</u>

(15-7-2005-ലെ 12990/ബി1/04/വനം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

നിയമപ്രകാരം പരാമർശസ്ഥലം റിസർവ് ഫോറസ്റ്റും ഈ ഭൂമിയിലെ മരങ്ങൾ സർക്കാരിനവകാശപ്പെട്ടതുമാണ്. ടി മരങ്ങൾ സർക്കാർ ഫണ്ട് ഉപയോഗിച്ച് വനം വകുപ്പ് നട്ടുപിടിപ്പിച്ചിട്ടുള്ളതിനാൽ പട്ടികവിഭാഗക്കാർക്ക് ഇവ മുറിക്കുവാൻ അനുവാദം നൽകുവാൻ സാധിക്കുന്നതല്ല.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 2</u>

വനത്തിനുള്ളിലെ മരാമത്ത് വികസന പദ്ധതികൾ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയെ ഏൽപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>വനം-വന്യജീവി വകുപ്പിന്റെ മറുപടി</u>

(6-6-2005-ലെ 13018/ഡി1/2004/വനം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

വനത്തിനുള്ളിലെ മരാമത്ത് വികസന പ്രവർത്തനങ്ങൾ വനസംരക്ഷണ സമിതികളെയോ ഇക്കോ ഡെവലപ്മെന്റ് സൊസൈറ്റികളെയോ ഏൽപ്പിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ എടുക്കാൻ സംരക്ഷണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 3

ഡി.ഡി.സി. കൂടുമ്പോൾ വനം വകുപ്പിലെ ഉദ്യോഗസ്ഥർ കർശനമായും ഹാജരാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

വനം-വന്യജീവി വകുപ്പിന്റെ മറുപടി

(26-8-2010-ലെ 19392/ഡി3/2007/വനം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ഡി.ഡി.സി. കൂടുമ്പോൾ വനം വകുപ്പിലെ ഉദ്യോഗസ്ഥർ കർശനമായും ഹാജരാകുന്നത് ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകാൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(5-12-2012-ലെ സമിതിയോഗം അംഗീകരിച്ചു.)

**(സി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും അവയ്ക്ക് ലഭ്യമായ മറുപടികളും**

നിർദ്ദേശം നമ്പർ 1

കണക്കയം, ദണ്ഡുകൊമ്പ്, കുണ്ടള, ചിന്നക്കനാൽ എന്നിവിടങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർ എത്ര; 10 സെന്റ് ഭൂമിയുള്ളവർ എത്ര; 50 സെന്റ് ഭൂമിയുള്ളവർ എത്ര എന്നതിന്റെ വിശദാംശം സമിതിക്ക് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

റവന്യൂ വകുപ്പിന്റെ മറുപടി

(8-4-2005-ലെ 74238/ആർ1/04/റവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

| സ്ഥലം | ഭൂരഹിതർ | 10 സെന്റ് ഭൂമിയുള്ളവർ | 50 സെന്റ് ഭൂമിയുള്ളവർ |
|---|---|---|---|
| കണക്കയം | .. | .. | 30 |
| ദണ്ഡുകൊമ്പ് | 3 | 27 | 88 |
| കുണ്ടള | .. | .. | .. |
| ചിന്നക്കനാൽ | .. | .. | .. |
| ചെമ്പകത്തൊട്ടുകുടി | .. | 32 | 36 |
| ടാങ്ക് കുടി | .. | 15 | 3 |
| പച്ചപ്പുൽകുടി | .. | 7 | 26 |

കണക്കയത്തെ ഭൂരഹിതനായ ഒരാൾക്ക് ചിന്നക്കനാൽ വില്ലേജിൽ 1 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. പുനരധിവാസ പദ്ധതി പ്രകാരം ഭൂമി അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചപ്പോൾ സ്ഥലത്തില്ലാതിരുന്നതുമൂലം അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവരാണ് ദണ്ഡുകൊമ്പ് സങ്കേതത്തിലെ 3 കുടുംബങ്ങൾ. ടി കോളനിയിലെ 18 കുടുംബങ്ങൾക്ക് ചിന്നക്കനാലിൽ സ്ഥലം നൽകിയിട്ടുണ്ട്. കണ്ടളയിൽ 72 കുടുംബങ്ങൾക്ക് 5 ഏക്കർ വീതം ഭൂമി നൽകിയിട്ടുണ്ട്.

(3-9-2005-ലെ സമിതിയോഗം അംഗീകരിച്ചു.)

## നിർദ്ദേശം നമ്പർ 2

പൂപ്പാറ മന്നാൻ എസ്.റ്റി. കോളനിയിൽ ആദിവാസി ഭൂമി പാട്ടത്തിനെടുത്ത വ്യക്തികൾക്കെതിരെ നിയമനടപടി സ്വീകരിക്കുവാനും ഇതു സംബന്ധിച്ച് റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കുവാനും നിർദ്ദേശിക്കുന്നു.

## റവന്യൂ വകുപ്പിന്റെ മറുപടി

(8-4-2005-ലെ 74238/ആർ1/04/റവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പൂപ്പാറ കോളനിയിൽ ആദിവാസി ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നവർ ആരും ഇപ്പോഴില്ല.

(3-9-2005-ലെ സമിതിയോഗം അംഗീകരിച്ചു.)

## നിർദ്ദേശം നമ്പർ 3

വനം വകുപ്പ് നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഭൂരഹിതരായ ആദിവാസികളെ കണ്ടെത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## റവന്യൂ വകുപ്പിന്റെ മറുപടി

(8-4-2005-ലെ 74238/ആർ1/04/റവ.നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

വനം വകുപ്പിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഭൂരഹിതരായ ആദിവാസികളെ കണ്ടെത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(3-9-2005-ലെ സമിതിയോഗം അംഗീകരിച്ചു.)

(ഡി) **പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളും അവയ്ക്ക് ലഭ്യമായ മറുപടികളും**

ശിപാർശ നമ്പർ 1 &2

കണ്ടള കോളനിക്ക് സമീപമുള്ള എസ്.എസ്.എ. സ്കൂളിൽ ഒഴിവുള്ള തസ്തികകളിൽ അടിയന്തരനിയമനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭിച്ച മറുപടി

(7-3-2006-ലെ 57285/പിഎസ്/04/പൊവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ഇടുക്കി ജില്ലയിലെ കണ്ടള കോളനിക്ക് സമീപമുള്ള എസ്.എസ്.എ. സ്കൂളിലും മോഡൽ റസിഡൻഷ്യൽ സ്കൂളിലും പി.എസ്.സി. ലിസ്റ്റ് നിലവിലുള്ള വിഷയങ്ങളിൽ പി.എസ്.സി.വഴി അദ്ധ്യാപകരെ നിയമിക്കുകയും ലിസ്റ്റ് നിലവിലില്ലാത്ത വിഷയങ്ങളിൽ ദിവസവേതന അടിസ്ഥാനത്തിൽ ആളെ നിയമിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(13-6-2007-ലെ സമിതിയോഗം അംഗീകരിച്ചു.)

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 14.